# മാതൃകാചോദ്യപേപ്പർ SET 2

# LSS EXAMINATION - FEBRUARY 2016

## Paper 1 - Part A - Malayalam

1. 'രണ്ടുനാലുദിനം കൊണ്ടൊരുത്തനെ (10 x 1 സ്കോർ = 10)

   തണ്ടിലേറ്റി നടത്തുന്നതും ഭവാൻ'

   ഈ വരികൾ ആരുടേതാണ്?

   A കുമാരനാശാൻ B പൂന്താനം

   C വള്ളത്തോൾ D ഉള്ളൂർ

2. അർത്ഥം എഴുതുക.

   ചാതുര്യം

   A ചതുരം B കള്ളം

   C മിടുക്ക് D മാധുര്യം

3. "കഥയറിയാതെ ആട്ടം കാണുക" - പഴഞ്ചൊല്ല് വിശദമാക്കുക.

   A കഥകളി കാണുക B കാര്യം അറിയാതെ വീക്ഷിക്കുക

   C കാരണമില്ലാതെ വിഷമിക്കുക D ചിന്തിച്ച് പ്രവർത്തിക്കുക

4. "കേളികൊട്ട്" - ഏതു കലയുമായി ബന്ധപ്പെട്ടിരിക്കുന്നു?

   A ഓട്ടം തുള്ളൽ B തെയ്യം

   C തിരുവാതിര D കഥകളി

5. കൂട്ടത്തിൽ പെടാത്തത് ഏത്?

   A ശംഖ് B ചെണ്ട

   C കൊമ്പ് D ഇലത്താളം

6. 'ചെഞ്ചുണ്ട്' - പിരിച്ചെഴുതുക.

   A ചെം + ഞ്ചുണ്ട് B ചെൻ+ ചുണ്ട്

   C ചെം+ചുണ്ട് D ചെം+ച്ചുണ്ട്

7. ഉചിതമായ ചിഹ്നം ചേർത്തെഴുതുക.

   ഓാകേമം തന്നെ നിന്റെയീ തുമ്പിക്കൈ

   A !   B ;

   C ?   D ം

8. ശരിയായ പദമേത്?

   A അഥിതി   B വിദ്യാർത്ഥി

   C ഉദ്ഘാടനം   D ഖടികാരം

9. “ഒന്നുമുങ്ങി ദത്തെടുത്തു

   ഒന്നുകൊണ്ട് മൂന്നാക്കി

   മൂന്നിലൊന്നു തിന്നുപോയി” - കടങ്കഥയ്ക്ക് ഉത്തരം കണ്ടെത്തുക.

   A കക്ക   B വള്ളം

   C മീൻ   D ഞണ്ട്

10. സമാനാർത്ഥം എഴുതുക.

   ‘വൃക്ഷം’

   A തടി   B പക്ഷം

   C ശാഖി   D വർഷം

**വിശദമായി ഉത്തരം എഴുതുക.**

1. **ഗ്രാമഭംഗി**

   മലരണിക്കാടുകൾ തിങ്ങി വിങ്ങി
   മരതകക്കാന്തിയിൽ മുങ്ങി മുങ്ങി
   കരളും മിഴിയും കവർന്നു മിന്നി
   കറയറ്റൊരാലസൽ ഗ്രാമഭംഗി
   പുളകം പോൽ കുന്നിൻ പുറത്തു വീണ
   പുതുമൂടൽ മഞ്ഞല പുൽകിനീക്കി
   പുലരൊളി മാമല ശ്രേണികൾ
   തൻ പുറകിലായ് വന്നു നിന്നെത്തിനോക്കി

ഇടയന്റെ പാട്ടിലലിഞ്ഞൊഴുകും

തടിനിയും താമരപ്പൊയ്കകളും

ഒരു കൊച്ചു കാറ്റെങ്ങാൻ വന്നു പോയാൽ

തുരുതുരെ പൂമഴയായ് പിന്നെ

എവിടെത്തിരിഞ്ഞൊന്നു നോക്കിയാലും

അവിടെല്ലാം പൂത്ത മരങ്ങൾ മാത്രം

**(രമണൻ)** **ചങ്ങമ്പുഴ**

a) കവിതയിലെ ഒരു പദമാണ് 'പൂമഴ' ഇതു പോലെയുള്ള മറ്റു രണ്ടുവാക്കുകൾ എഴുതുക. (1 സ്കോർ)

b) 'തടിനി' എന്ന പദത്തിന്റെ അർത്ഥം എന്താണ്? (1 സ്കോർ)

c) കവിതയുടെ വർണന തയ്യാറാക്കുക. (3 സ്കോർ)

2.a) **താഴെ കൊടുത്തിരിക്കുന്ന സൂചനകളിൽ നിന്നും ജീവചരിത്രക്കുറിപ്പ് തയ്യാറാക്കുക.**(3 സ്കോർ)

**കലാമണ്ഡലം ഗോപി**



- കഥകളി ജനപ്രിയമാക്കി
- ഗോപിയാശാൻ
- ജനനം 1937 പാലക്കാട് ചാലിശ്ശേരി
- നളൻ, കർണ്ണൻ, രുഗ്മാംഗദൻ തുടങ്ങി 'പച്ചവേഷങ്ങൾ
- തൃശ്ശൂർ മുണ്ടൂർ കുടുംബസമേതം താമസം
- സംഗീത നാടക അക്കാദമി അവാർഡ് പത്മശ്രീ അവാർഡുകൾ
- 1957-ൽ കലാമണ്ഡലത്തിൽ അധ്യാപകൻ
- 1992-ൽ വിരമിച്ചു.

b) കഥകളിയിലെ സ്ത്രീവേഷം? (1 സ്കോർ)

c) കേരള കലാമണ്ഡലം സ്ഥിതിചെയ്യുന്നത് എവിടെ? (1 സ്കോർ)

# ഉത്തരസൂചിക

1. പൂന്താനം
2. മിടുക്ക്
3. കാര്യമറിയാതെ വീക്ഷിക്കുക
4. കഥകളി
5. ശംഖ്
6. ചെം+ചുണ്ട്
7. ഓ! കേമം തന്നെ നിന്റെയീ തുമ്പിക്കൈ
8. ഉദ്ഘാടനം
9. കക്ക
10. ശാഖി

**വിശദമായി ഉത്തരം എഴുതുക.**

1.a) പൂനിലാവ്, പൂമാനം

b) നദി

c)
- വർണനാംശം വ്യക്തമാകുന്ന രീതിയിൽ ആലങ്കാരിക ഭാഷ ഉപയോഗിച്ചിട്ടുണ്ട്. (1 സ്കോർ)
- കാഴ്ചകൾ നേരിൽക്കാണുന്ന പ്രതീതിയുളവാക്കുന്ന രീതിയിൽ രചനകൾ രചിച്ചിട്ടുണ്ട്. (1 സ്കോർ)
- ആശയതുടർച്ചയോടെ തെറ്റുകൂടാതെ എഴുതിയിട്ടുണ്ട്. (1 സ്കോർ)

2. a)
- സൂചനകളിൽ നിന്ന് വാക്യങ്ങൾ രൂപീകരിച്ചിട്ടുണ്ട്. (1 സ്കോർ)
- ആശയവ്യക്തതയോടെ എഴുതിയിട്ടുണ്ട്. (1 സ്കോർ)
- ആശയ തുടർച്ച പാലിച്ച്, തെറ്റുകൂടാതെ എഴുതിയിട്ടുണ്ട്. (1 സ്കോർ)

b) മിനുക്ക്

c) ചെറുതുരുത്തി